**ക്രമപ്രശ്നം**

## ഉപക്ഷേപം അവതരിപ്പിക്കുന്നതിലെ നടപടിക്രമം

ശ്രീ. കെ. എം. മാണി: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നടപടിക്രമത്തിലെ നിയമപ്രശ്നം ഉന്നയിക്കുകയാണ്. ഈ ആക്ടിലെ സെക്ഷൻ 1(3) അനുസരിച്ച്, കേന്ദ്രസർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ആക്ടിലെ വ്യവസ്ഥകൾ വിവിധ രീതികളിൽ, വിവിധ സംസ്ഥാനങ്ങളിൽ ബാധകമാക്കാനാണ് വ്യവസ്ഥ ചെയ്യുന്നത്. പ്രസ്തുത ആക്ടിൽ 6 അദ്ധ്യായങ്ങളിലായി 41 വകുപ്പുകളുണ്ട്.........

മി. സ്പീക്കർ: അങ്ങേയ്ക്ക് പ്രമേയത്തിന്റെ വിശദാംശങ്ങൾ ചർച്ചയുടെ ഭാഗമായി ഉന്നയിക്കാവുന്നതാണ്. ഇവിടെ പ്രമേയം അവതരിപ്പിച്ചിട്ടില്ല.

ശ്രീ. കെ. എം. മാണി: സർ, ഞാൻ ഒന്ന് പറഞ്ഞോട്ടെ.

മി. സ്പീക്കർ: പ്രമേയം സഭയുടെ മുമ്പിൽ അവതരിപ്പിച്ചതിനുശേഷം ചർച്ചയിൽ പങ്കെടുക്കുമ്പോൾ അങ്ങേയ്ക്ക് അഭിപ്രായങ്ങൾ പറയാവുന്നതാണ്. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

(മുഖ്യമന്ത്രി)